**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5404** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനതലത്തിൽ വിജയികളായിട്ടുള്ള കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യസത്തിന് ഏതെല്ലാം കോഴ്സുകൾക്കാണ് സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനതലത്തിൽ വിജയികളായിട്ടുള്ള കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞുള്ള ഉന്നത വിദ്യാഭ്യാസത്തിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ്, കോമേഴ്സ് ബിരുദ പ്രോഗ്രാമുകൾക്ക് ഓരോ വിഷയത്തിനും 3 സീറ്റ് വീതവും സയൻസ് പ്രോഗ്രാമുകൾക്ക് ഓരോ വിഷയത്തിനും 1 സീറ്റ് വീതവും എല്ലാ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്കും ഒരു സീറ്റ് വീതവും അനുവദിക്കുന്നുണ്ട്. എം.ജി സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും നടത്തപ്പെടുന്ന എല്ലാ യു.ജി/പി.ജി പ്രോഗ്രാമുകൾക്കും ഓരോ വർഷത്തെയും പ്രോസ്പെക്ടസിൽ പ്രതിപാദിക്കുന്ന പ്രകാരം സ്പോർട്സ് ക്വാട്ട വഴി പ്രവേശനം അനുവദിക്കുന്നുണ്ട്. കൊച്ചിൻ സർവ്വകലാശാല നടത്തുന്ന വിവിധ ബി.ടെക് കോഴ്സുകൾ, B.Voc (Business Process and Data Analytics), B.A LLB, B.Com LLB, LLM, MBA, MCA, M.Sc, M.Voc (Software Application Development Consultancy Management) എന്നീ കോഴ്സുകൾക്ക് ഓരോ സീറ്റു വീതം സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും, വിവിധ പ്രോഗ്രാമുകളിലും സ്പോർട്സ് ക്വാട്ടയിൽ 2 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് ഗവ. ലോകോളേജിലെ BBA, LLB കോഴ്സിന് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ബി.ടെക് പ്രവേശനത്തിന് അതതു വർഷത്തെ KEAM Prospectus - ലെ മാനദണ്ഡങ്ങൾക്കു വിധേയമായി സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ